കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.lfa.kerala.gov.in**

പാറശ്ശാല ബ്ലോക്ക് പഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

**2016-2017**

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം.

**e-mail:lfadtvm@yahoo.in**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം. കെ.എസ്.എ.റ്റി.വി.എം.ബി.പി. 2032/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം,

തീയതി: 24.10.2017

ഫോൺ-0471-2331231

ഇ-മെയിൽ- lfadtvm@yahoo.in

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന )

പാറശ്ശാല ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : പാറശ്ശാല ബ്ലോക്ക്പഞ്ചായത്ത് - 2016-17സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 -ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാറശ്ശാല ബ്ലോക്ക്പഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ / തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഒപ്പ്/-

ജോയിന്റ് ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം (ഉപരിപത്രം സഹിതം).

2) സെക്രട്ടറി, ത.സ്വ.ഭ.വകുപ്പ്, ഗവ. സെക്രട്ടറിയേറ്റ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

3) അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ, തിരുവനന്തപുരം.

4) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.റ്റി.വി.എം. ബി.പി.2032/2017

തീയതി: **24.10.2017**

<u>തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല ബ്ലോക്ക് പഞ്ചായത്തിന്റെ **2016-17** സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള</u>

<u>ഓഡിറ്റ് റിപ്പോർട്ട്.</u>

*(1994 -ലെ കേരള പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4) , 1994 -ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996-ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല ബ്ലോക്ക്പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2016 മുതൽ 31.03.2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു .

ഓഡിറ്റിൽ കണ്ടെത്തിയ അപാകങ്ങൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 9 അന്വേഷണ കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. മറുപടികൾ പരിഗണിച്ച ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പ കളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരി ക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ)** <u>ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : | ശ്രീ വി.എം.മോഹനൻപിള്ള, (ജോയിന്റ് ഡയറക്ടർ) |
| ഓഡിറ്റിന് വിനിയോഗിച്ച സമയം : | 09.10.2017മുതൽ 13.10.2017വരെ |

| | | |
|---|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീമതി സിന്ധുലാബീവി (ഓഡിറ്റ് ഓഫീസർ)<br>ശ്രീമതി ജയലക്ഷ്മി.ബി.കെ, (സീനിയർ ഗ്രേഡ് ഓഡിറ്റർ)<br>ശ്രീ.ഷിംജി.ജി (ഓഡിറ്റർ) |

**(ബി)** <u>നിർവ്വഹണാധികാരികൾ</u>

| | | |
|---|---|---|
| പ്രസിഡന്റ് | : | ശ്രീമതി വി.ആർ.സല്ലജ 01.04.2016 മുതൽ 31.03.2017 വരെ |
| സെക്രട്ടറി | : | ശ്രീ.എസ്.എസ്.പത്മകുമാർ, 01.04.2016 മുതൽ 24.05.2016 വരെ |
| | | ശ്രീ.സുധാകരൻ 25.05.2016 മുതൽ 13.06.2016 വരെ |
| | | ശ്രീ.പി.കെ.അപ്പുക്കുട്ടൻ 14.06.2016 മുതൽ 31.03.2017 വരെ |

<u>നിർവ്വഹണ ഉദ്യോഗസ്ഥർ</u>

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| സെക്രട്ടറി | ശ്രീ.എസ്.എസ്.പത്മകുമാർ | 01.04.2016 മുതൽ 24.05.2016 വരെ |
| | ശ്രീ.സുധാകരൻ | 25.05.2016 മുതൽ 13.06.2016 വരെ |
| | ശ്രീ.പി.കെ.അപ്പക്കുട്ടൻ | 14.06.2016 മുതൽ 31.03.2017 വരെ |
| അസിസ്റ്റന്റ് എക്സി. എൻജിനീയർ | ശ്രീമതി രമ്യ.ജെ.എം. | 01.04.2016 മുതൽ 31.3.2017 വരെ |
| ഡി.ഡി.പി.ഒ | ശ്രീമതി സുജാത ദേവി | 01.04.2016 മുതൽ 31.3.2017 വരെ |
| എ.ഡി.എ | ശ്രീമതി ജയറാണി.എൽ.എസ് | 01.04.2016 മുതൽ 31.3.2017 വരെ |
| ഡി.ഇ.ഒ | ശ്രീ.മോഹനകുമാർ | 01.04.2016 മുതൽ 31.3.2017 വരെ |
| സൂപ്രണ്ട്, താലൂക്ക് ഹോസ്പിറ്റൽ, പാറശ്ശാല | ഡോ.ഉണ്ണികൃഷ്ണൻ | 01.04.2016 മുതൽ 21.10.2016 വരെ |
| | ഡോ.വത്സല.എസ് | 22.10.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, പൂവാർ | ഡോ.ജവഹർ | 01.04.2016 മുതൽ 31.03.2017 വരെ |
| സീനിയർ വെറ്ററിനറി സർജൻ | ശ്രീമതി ഹരിപ്രിയ | 01.04.2016 മുതൽ 31.03.2017 വരെ |
| എസ്.ഡി.ഡി.ഒ | ശ്രീ.ഷാജികുമാർ.എം | 01.04.2016 മുതൽ 31.03.2017 വരെ |

ഉള്ളടക്കം

| ക്രമ നം. | ഭാഗം - 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |

| | | | |
|---|---|---|---|
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | ക്യാഷ് വെരിഫിക്കേഷൻ | 1-7 | |
| 8 | ആഭ്യന്തര നിയന്ത്രണം | 1-8 | |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 | |
| | **ഭാഗം 2** | | |
| 10 | ഇല്ല | | |
| | **ഭാഗം-3** | | |
| 11 | മുൻകൂർ ക്രമീകരിച്ചിട്ടില്ല. 8000/ രൂപ തടസ്സപ്പെടുത്തുന്നു. | 3-1 | |
| 12 | കൈപ്പററ് രസീതിന്റെയും, യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റിന്റെയും അഭാവത്തിൽ തുക തടസ്സം ചെയ്യുന്നു | 3-2 | |
| 13 | മത്സ്യവിപണന യൂണിറ്റിന് സബ്സിഡി - മാർഗ്ഗരേഖ വിരുദ്ധം - 10 ലക്ഷം രൂപയുടെ ചെലവ് തടസ്സത്തിൽ | 3-3 | |
| 14 | ഐ.എ.വൈ ഭവനപദ്ധതി അപാകതകൾ | 3-4 | |
| 15 | ഐ.എ.വൈ അധിക ധനസഹായം- ലോൺ തുക തിരിച്ചടിച്ചിട്ടില്ല | 3-5 | |
| 16 | ഇ.എം.എസ് ലോൺ– കൂടിയ നിരക്കിൽ പ്രതിമാസ തുക അടയ്ക്കുന്നു | 3-6 | |
| 17 | പാലിയേറ്റീവ് കെയർ പ്രോഗ്രാം- നിർവ്വഹണത്തിലെ അപാകതകൾ– 10920/- രൂപ നിരാകരിക്കുന്നു | 3-7 | |
| 18 | ക്വട്ടേഷൻ ക്ഷണിക്കാതെ പാറശ്ശാല താലൂക്കാശുപത്രിയിലേക്ക് മോർച്ചറി യൂണിറ്റ്- വാങ്ങൽ നടപടിക്രമത്തിലെ അപാകത | 3-8 | |

| | | | |
|---|---|---|---|
| 19 | പത്രപ്പരസ്യം -അർഹമായ ഡിസ്കൗണ്ട് നേടിയെടുക്കുന്നില്ല | 3-9 | |
| | ഭാഗം - 4 | | |
| 20 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 21 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 22 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 23 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 24 | സ്ഥിര നിക്ഷേപങ്ങൾ | 4-5 | |
| 25 | ഓഡിറ്റ് റിക്കവറി | 4-6 | |
| 26 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 27 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 28 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 03.03.2016 തീയതിയിലെ കമ്മിറ്റി തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് 48,60,84,340/- രൂപയും പ്രതീക്ഷിത ചെലവ് 48,57,74,340/-രൂപയുമാണ്. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യ പത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യുവാൻ കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2016 | 13.07.2017 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 13.10.2017 | അനുബന്ധമായി ചേർത്തിട്ടുണ്ട് |

വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. B-5 Schedule പ്രാകാരമുള്ള ഇ.എം.എസ് ലോൺ തിരിച്ചടക്കാൻ ബാക്കിയുള്ള തുക 38,65,315/- രൂപയാണ്. എന്നാൽ അനുബന്ധരേഖകൾ പരിശോധിച്ചതിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക 62,44,315/- രൂപയാണ്.
2. ലോൺ രജിസ്റ്റർ പരിശോധിച്ചതിൽ 2013-ൽ IAY പദ്ധതിക്കായി വിവിധ ബാങ്കുകളിൽ നിന്നും 59,50,000/- രൂപ ലോൺ എടുത്തിട്ടുണ്ടെങ്കിലും നാളിതുവരെ മുതലും പലിശയും തിരിച്ചടച്ചതായി കാണുന്നില്ല.
3. B18 ഷെഡ്യൂൾ പ്രകാരം 25,000/- രൂപ അഡ്വാൻസ് നൽകിയിട്ടുണ്ട്. ആയതിന്റെ വിശദാംശം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് 2015-16-ൽ നൽകിയ തുകയാണെന്ന മറുപടിയാണ് നൽകിയിട്ടുണ്ട്. മറ്റ് രേഖകൾ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.
4. RP-31 പ്രകാരം SGSY വരവ് 4397/- രൂപയാണ്. എന്നാൽ അനുബന്ധരേഖകൾ പരിശോധിച്ചതിൽ വരവ് 3516/- രൂപയാണ്.
5. RP-31 പ്രകാരം ഐ.എ.വൈ ബ്ലോക്ക് പഞ്ചായത്ത് വരവായി കാണിച്ചിരിക്കുന്ന തുക (14816498/-) യഥാർത്ഥത്തിൽ Developement Fund-General-Capital വരവിനത്തിൽ ഉൾപ്പെട്ടതാണ്.
6. IOB-SGSY യഥാർത്ഥ നീക്കിയിരുപ്പ് തുക(90324.25/-) B17- പ്രകാരമുള്ള നീക്കിയിരുപ്പ് തുകയുമായി (91205/-) പൊരുത്തപ്പെടുന്നില്ല

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | : 2,69,32,353/-<br>(2015-16ലെ പുതുക്കിയ ധനകാര്യപത്രിക പ്രകാരമുള്ള നീക്കിയിരിപ്പ്) |
| വരവ് | : 7,90,37,303/- |
| ആകെ | : 10,59,69,656/- |
| ചെലവ് | : 8,32,68,209/- |
| നീക്കിയിരിപ്പ് | : 2,27,01,447/- |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 24455325 | 24455325 | 24455325 | 0 | 100% |
| വികസനഫണ്ട് എസ്.സി.പി. | 0 | 6579370 | 6579370 | 6579370 | 0 | 100% |

| | | | | | | |
|---|---|---|---|---|---|---|
| സംരക്ഷണഗ്രാന്റ് നോൺ റോഡ് | 0 | 4504414 | 4504414 | 4504414 | 0 | 100% |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 65 | 79775703 | 33 | 35884334 | 1 | 31 | 51 |

## 1-7 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09.10.2017 രാവിലെ 10.30 മണിക്ക് സ്ഥാപനത്തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ നീക്കിയിരിപ്പ് ഇല്ലായെന്ന് ബോധ്യപ്പെട്ടു

## 1-8 ആഭ്യന്തരനിയന്ത്രണം

പാറശ്ശാല ബ്ലോക്ക് പഞ്ചായത്തിൽ തൻവർഷം 65 പ്രോജക്ടുകൾക്ക് അനുമതി ലഭിച്ചുവെങ്കിലും 34 എണ്ണം മാത്രമാണ് നടപ്പാക്കിയിട്ടുള്ളത്.` അസിസ്റ്റന്റ് എക്സി.എൻജിനീയർ നിർവ്വഹണം നടത്തുന്നതിനായി അംഗീകാരം ലഭിച്ച 32 പദ്ധതികളിൽ 9 എണ്ണം മാത്രമേ പൂർത്തീകരിച്ചിട്ടുള്ളൂ. ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപ്പെട്ടതും നാടിന്റെ വികസനത്തിനുപകരിക്കുന്നതുമായ പ്രോജക്ടുകൾ തയ്യാറാക്കി സമർപ്പിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. സംയുക്ത പ്രോജക്ട് നടപ്പാക്കുന്നതിന് ഫണ്ട് നൽകൽ മാത്രമാക്കാതെ പ്രോജക്ട് നടപ്പാക്കി വിനിയോഗ സർട്ടിഫിക്കറ്റ് വാങ്ങി സൂക്ഷിക്കേണ്ടതാണ്. സംയുക്ത പ്രോജക്ടുകൾക്കായി ലഭിക്കുന്ന തുകയുടെ കൃത്യമായ വരവും അതാതിന്റെ ചെലവും സൂക്ഷിക്കേണ്ടതാണ്. ഐ.എ.വൈ പ്രോജക്ടുകളുടെ കൃത്യമായ വരവും ചെലവും തദ്ദേശ ഭരണസ്ഥാപനം സൂക്ഷിക്കുന്നില്ല. ഇ.എം.എസ് ലോൺ തിരിച്ചടയ്ക്കുന്നത് അധിക നിരക്കിലായതിനാൽ അവസാന ഗഡുക്കളിൽ ഈ തുക ക്രമീകരിക്കേണ്ടതാണ് (ഖണ്ഡിക 3-9 കാണുക). സ്ഥാപനത്തിലെ വൗച്ചർ സൂക്ഷിപ്പ് തൃപ്തികരമല്ല. വൗച്ചറുകൾക്ക് നമ്പർ നൽകുകയോ, അതിനോടൊപ്പം രേഖകൾ സൂക്ഷിക്കുകയോ ചെയ്യുന്നില്ല.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | - | - | - |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | - | 2009-10 മുതൽ 2013-14 വരെ | 27.10.2015 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

- •

ഇല്ല

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 മുൻകൂർ ക്രമീകരിച്ചിട്ടില്ല. 8,000/ രൂപ തടസ്സപ്പെടുത്തുന്നു.

ബ്ലോക്ക് പഞ്ചായത്തിൻെറ KL19C-1924 വാഹനത്തിന് ഓയിൽ മാറുന്നതിനായി 8,000/-രൂപ 23.07.2016 ലെ ചെക്ക് നം 3070852 പ്രകാരം അഡ്വാൻസായി നല്കി. എന്നാൽ ഈ തുക ക്രമീകരിച്ചിട്ടില്ല. എത്രയും വേഗം അഡ്വാൻസ് ക്രമീകരിക്കേണ്ടതാണ്. തുക പിൻവലിച്ച് മൂന്നുമാസത്തിനുള്ളിൽ ക്രമീകരിക്കാത്തപക്ഷം 18% പലിശയുൾപ്പെടെ തനത് ഫണ്ടിൽ മുതൽകൂട്ടേണ്ടതാണ്.

## 3-2 കൈപ്പററ് രസീതിന്റെയും, യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റിന്റെയും അഭാവത്തിൽ തുക തടസ്സം ചെയ്യുന്നു -3,00,000/ രൂപ തടസ്സം ചെയ്യുന്നു.

കാരോട് ഗ്രാമപഞ്ചയത്തിൽ കുടിവെള്ളപദ്ധതി നടപ്പിലാക്കുന്നതിനായി ബ്ലോക്ക് വിഹിതമായി നല്കിയ 3,00,000/- (31.3.2017ലെ ബിൽ നം10/16-17) രൂപയുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല. കാരോട് ഗ്രാമപഞ്ചയത്തിന്റെ കൈപ്പററ് രസീതും ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഈയിനത്തിൽ ചെലവ് ചെയ്ത 3,00,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-3 മത്സ്യവിപണനയൂണിറ്റിന് സബ്സിഡി- - 10 ലക്ഷം രൂപയുടെ ചെലവ് തടസ്സത്തിൽ

| | | |
|---|---|---|
| പ്രോജക്ട് നം. | - | 35/17 (വനിതാ സ്വയം സഹായസംഘങ്ങൾക്ക്-മത്സ്യവിപണനയൂണിറ്റ്) |
| അടങ്കൽ | - | 10,00,000/- (വികസനഫണ്ട് (ജനറൽ)) |
| ചെലവ് | - | 10,00,000/- |
| | | (ബിൽ നം. 6/16-17 dt.31.03.2017) |
| നിർവ്വഹണോദ്യോഗസ്ഥൻ | | ബ്ലോക്ക്പഞ്ചായത്ത് സെക്രട്ടറി |

ബ്ലോക്ക്പഞ്ചായത്ത് പരിധിയിലുള്ള മത്സ്യ തൊഴിലാളി മേഖലയുമായി ബന്ധപ്പെട്ട പൂവാർ, കാരോട്, കുളത്തൂർ പഞ്ചായത്തുകളിലെ തെരഞ്ഞെടുക്കപ്പെട്ട വനിതാസ്വയംസഹായ സംഘങ്ങൾക്ക് മത്സ്യവിപണനയൂണിറ്റ് നടത്താൻ സൗകര്യമൊരുക്കുക, ഇതിലേക്കായി 2 ലക്ഷം രൂപ ബാങ്ക് വായ്പയും, ഒരു ലക്ഷം രൂപ സബ്സിഡിയും ഒരോ സംഘത്തിനും അനുവദിക്കുക എന്നിവയാണ് പ്രോജക്ട് ലക്ഷ്യമാക്കുന്നത്. മേൽ പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ ചുവടെ ചേർത്തിരിക്കുന്ന അപാകങ്ങൾ കാണുന്നു.

1. വായ്പാബന്ധിത പ്രോജക്ടായി നടപ്പാക്കാനാണ് ലക്ഷ്യമിട്ടിരുന്നത്. എന്നാൽ ബാങ്ക് വായ്പ അനുവദിക്കുന്നതിന് മുൻപ് പത്ത് വനിതാ സ്വയം സഹായ സംഘങ്ങൾക്കുമായി 10 ലക്ഷം രൂപ സബ്സിഡി അനുവദിച്ചിരിക്കുന്നു. (ഓരോ സംഘത്തിനും ഒരു ലക്ഷം രൂപ വീതം)

2. ബാങ്ക് ലോൺ പാസ്സാക്കിയതിന്റെ യാതൊരു രേഖയും സൂക്ഷിച്ചിട്ടില്ല.

3. ഇതിൽ എത്ര സംഘങ്ങൾ മത്സ്യവിപണന യൂണിറ്റ് ആരംഭിച്ചിട്ടുണ്ടെന്നതും വ്യക്തമല്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 3/17) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ 1000000/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു. ലോൺ പാസ്സാക്കി നൽകി സംഘങ്ങൾ മത്സ്യവിപണന യൂണിറ്റ് ആരംഭിച്ചിട്ടില്ലായെങ്കിൽ അനുവദിച്ച് നൽകിയ സബ്സിഡി തുക തിരികെ ഈടാക്കേണ്ടതാണ്.

## 3-4 ഐ.എ.വൈ ഭവനപദ്ധതി അപാകതകൾ

**(I)** ഐ.എ.വൈ - തുക മുൻകൂർ പിൻവലിച്ച് അക്കൗണ്ടിൽ സൂക്ഷിക്കുന്നു

സെക്രട്ടറി നിർവ്വഹണം നടത്തിയ ഐ.എ.വൈ, പി.എം.എ.വൈ പ്രോജക്ടുകൾ(പ്രോജക്ട് നം. 8/17, 11/17, 13/17, 78/17) പ്രകാരം ആകെ 14816498/- രൂപ മുൻകൂർ പിൻവലിച്ച് രണ്ട് അക്കൗണ്ടുകളിലായി സൂക്ഷിച്ചിരിക്കുകയാണ് ചെയ്യുന്നത്. ജില്ലാ, ഗ്രാമ പഞ്ചായത്തുകളിൽ നിന്നും ലഭിച്ച ഐ.എ.വൈ വിഹിതവും പ്രസ്തുത അക്കൗണ്ടുകളിൽ നിക്ഷേപിക്കുകയും പിന്നീട് ആവശ്യാനുസരണം തുക ഗുണഭോക്താക്കൾക്ക് നൽകുന്ന രീതിയുമാണ് പഞ്ചായത്ത് അവലംബിക്കുന്നത്. ഐ.എ.വൈ. ഫണ്ട് വിനിയോഗം സംബന്ധിച്ച വിശദാംശം ഓഡിറ്റ് അന്വേഷണത്തിലൂടെ ആവശ്യപ്പെട്ടുവെങ്കിലും ഓരോ ഫണ്ടിനത്തിലും ആകെ ചെലവഴിച്ചതും, നീക്കിയിരിപ്പുള്ളതുമായ തുക സംബന്ധിച്ച് വ്യക്തമായ കണക്ക് ഹാജരാക്കിയിട്ടില്ല. ഹാജരാക്കിയ റിപ്പോർട്ട് പ്രകാരമുള്ള ഐ.എ.വൈ ഫണ്ട് വിനിയോഗം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | ലഭിച്ച തുക | ചെലവഴിച്ചത് | ബാക്കി തുക |
|---|---|---|---|
| ജില്ലാപഞ്ചായത്ത് വിഹിതം | 4809000 | 17260981 | 12204717 |
| ഗ്രാമപഞ്ചായത്ത് വിഹിതം | 9840200 | | |
| ബ്ലോക്ക്പഞ്ചായത്ത് വിഹിതം | 14816498 | | |

**(ii)** പണിപൂർത്തീകരിച്ചിട്ടില്ല

2011-12 മുതൽ ഐ.എ.വൈ പദ്ധതി പ്രകാരം ധനസഹായം കൈപ്പറ്റിയതിൽ 91 പേർ നാളിതുവരെ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | ഭവന നിർമ്മാണത്തിനായി കരാർ വച്ചവരുടെ എണ്ണം | ഭവന നിർമ്മാണം പൂർത്തിയാക്കിയവർ | നാളിതുവരെ പണി പൂർത്തീകരിക്കാത്തവർ |
|---|---|---|---|
| 2011-12 | 900 | 895 | 5 |
| 2012-13 | 387 | 384 | 3 |
| 2013-14 | 401 | 398 | 3 |
| 2014-15 | 400 | 396 | 4 |
| 2015-16 | 398 | 378 | 20 |
| 2016-17 | 140 | 84 | 56 |

ഭവന നിർമ്മാണം പൂത്തീകരിക്കാത്ത ഗുണഭോക്താക്കളെകൊണ്ട് അടിയന്തിരമായി പണി പൂർത്തീകരിക്കുന്നതിനുള്ള തുടർ നടപടി സ്വീകരിക്കേണ്ടതും അല്ലാത്തപക്ഷം കൈപ്പറ്റിയതുക തിരിച്ച് പിടിക്കേണ്ടതുമാണ്.

## 3-5 ഐ.എ.വൈ അധികധനസഹായം- ലോൺ തുക തിരിച്ചടച്ചിട്ടില്ല

ഐ.എ.വൈ ഭവനനിർമ്മാണത്തിന് അധികതുക നൽകുന്നതിനായി സ.ഉ (കൈ)നം.115/2013 /ത.സ്വ.ഭ.വ തീയതി.22.03.2013 ഉത്തരവ് പ്രകാരം വിവിധ സഹകരണബാങ്കകളിൽ നിന്നും 2013-ൽ 59,50,000/- രൂപ ലോണെടുത്തിട്ടുണ്ട്. നാളിതുവരെ യാതൊരുതുകയും തിരിച്ചടച്ചിട്ടില്ല. മുതലും പലിശയുമുൾപ്പെടെ നിലവിൽ 88,53,943/-രൂപയുടെ ബാധ്യതയുണ്ട്. ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ് .

## 3-6 ഇ.എം.എസ് ലോൺ - കൂടിയ നിരക്കിൽ പ്രതിമാസ തുക അടയ്ക്കുന്നു.

ഇ.എം.എസ് ലോണിനത്തിൽ ബ്ലോക്ക് പഞ്ചായത്തിന് 2,37,90,000/- രൂപ അനുവദിച്ചുവെങ്കിലും 2,05,18,315/- രൂപ മാത്രമാണ് പിൻവലിച്ചിട്ടുള്ളത്. എന്നാൽ 2,37,90,000/- രൂപയുടെ 10% ആയ23,79,000/- രൂപ 10 ഇൻസ്റ്റാൾമെന്റായി തിരിച്ചടയ്ക്കാനാണ് കണക്കാക്കിയിട്ടുള്ളത്. ഇപ്രകാരം തൻവർഷം വരെ ആകെ 1,42,74,000/- രൂപ തിരിച്ചടച്ചിട്ടുമുണ്ട് (6 X 23,79,000). യഥാർത്ഥത്തിൽ പ്രതിമാസം തിരിച്ചടയ്ക്കേണ്ടിയിരുന്ന തുക 20,51,831.5/- രൂപയാണ് (10% of 2,05,18,315). ഇതിൻ പ്രകാരം കണക്കാക്കുമ്പോൾ 62,44,315/-രൂപയാണ് ഇനി തിരിച്ചടയ്ക്കാനുള്ളത്. അവസാനഗഡുക്കളിൽ തിരിച്ചടയ്ക്കാനുള്ള തുക സംബന്ധിച്ച് വ്യക്തത വരുത്താൻ തുടർനടപടി സ്വീകരിക്കേണ്ടതാണ്.

## 3-7 പാലിയേറ്റീവ് കെയർ പ്രോഗ്രാം - ടൂറിസ്റ്റ് ടാക്സി വാടകയ്ക്കെടുത്തതിലെ അപാകതകൾ - 10920/- രൂപ നിരാകരിക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം. | -എസ്. ഒ. 015/2017 |
| പ്രോജക്ടിന്റെപേര് | - പാലിയേറ്റീവ് കെയർ |
| അടങ്കൽ തുക | - 400500/- രൂപ |
| ചെലവ് തുക | - 373492/- രൂപ |
| ഫണ്ട് | - വികസന ഫണ്ട് (ജനറൽ) |
| ബിൽ നം. | - GIAB 5/16-17 dtd 31.1.2017 200000/-<br>- GIAB 11/16-17 dtd 23.3.2017 38940/-<br>- GIAB 13/16-17 dtd 25.3.2017 134512/- |

Pain and paliative care programme ലേയ്ക്ക് ക്വട്ടേഷൻ ക്ഷണിക്കാതെയാണ് ടൂറിസ്റ്റ് ടാക്സി വാടകയ്ക്കെടുത്തിട്ടുള്ളത്. ആയതിലേയ്ക്ക് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 2 ന് തൃപ്തികരമായ മറുപടി ലഭ്യമായിട്ടില്ല. നിർവഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ ക്വട്ടേഷൻ ക്ഷണിച്ച് ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്യുന്ന വാഹനമാണ് വാടകയ്ക്ക് എടുക്കേണ്ടത്.ക്വട്ടേഷൻ പി.എം.സി. അംഗീകരിക്കേണ്ടതാണ്. അംഗീകരിച്ച ക്വട്ടേഷന്റെ കാലാവധി 6 മാസമായിരിക്കും. കാലാവധി അവസാനിക്കുന്നതിനു മുൻപ് പുതിയ ക്വട്ടേഷൻ ക്ഷണിച്ച് പി.എം.സി.യുടെ അംഗീകാരം വാങ്ങിയിരിക്കേണ്ടതുമാണ്.

2016-17 സാമ്പത്തിക വർഷത്തിൽ പി.എം.സി. മീറ്റിംഗ് കൂടിയിട്ടില്ലാത്തതിനാൽ ക്വട്ടേഷൻ നടപടി കൂടാതെ ടൂറിസ്റ്റ് ടാക്സി വാടകയ്ക്കെടുക്കുകയാണ് ചെയ്തത്. ആയത് മാർഗ്ഗരേഖയുടെ ലംഘനമാണ്.

കൂടാതെ ട്രിപ്പ് ഷീറ്റ് എഴുതിയതിൽ അപാകം ഉണ്ട്.

ടൂറിസ്റ്റ് ടാക്സി നമ്പർ KL-19D- 6708, permit no. 796 വാഹനത്തിന്റെ ട്രിപ്പ് ഷീറ്റ് പ്രകാരമുള്ള വിവരം ചുവടെ ചേർക്കുന്നു.

| തീയതി | വാഹനം പുറപ്പെട്ടപ്പോഴുള്ള കി.മീ. | വാഹനം തിരിച്ചെത്തിയപ്പോഴുള്ള കി.മീ. | തുക |
|---|---|---|---|
| 14.6.2016 | 33920 | 33960 | 800 |
| 24.6.2016 | 33940 | 33980 | 870 |
| 28.6.2016 | 33940 | 33980 | 860 |
| 26.7.2016 | -- | -- | 780 |
| 18.8.2016 | 33920 | 33970 | 950 |
| 26.8.2016 | 33940 | 33980 | 860 |
| 27.9.2016 | 33930 | 33990 | 800 |
| 18.10.2016 | 33940 | 33990 | 1000 |
| 27.10.2016 | 33930 | 33980 | 1000 |
| 15.11.2016 | 33930 | 33990 | 1000 |
| 22.11.2016 | 33930 | 33970 | 1000 |
| 17.1.2017 | 33940 | 33980 | 800 |
| | | ആകെ | 10720/- |

14.6.2016 ന് വാഹനം ഓടിച്ചു തുടങ്ങിയപ്പോൾ വാഹനത്തിലെ കി.മീ. 33920 ഉം 17.1.2017 ന് വാഹനം ഏറ്റവും അവസാനം ഉപയോഗിച്ചു കഴിഞ്ഞപ്പോൾ കി.മീ. 33980 ഉം ആണ്.

താലൂക്ക് ഹെഡ് ക്വാർട്ടേഴ്സിന് നിലവിൽ സ്വന്തമായി വാഹനം ഉണ്ട്. നിലവിലുള്ള വാഹനം ഗൃഹ സന്ദർശനത്തിന് ഉപയോഗിക്കേണ്ടതും എച്ച്.എം.സി. നിശ്ചയിക്കുന്ന വാടക നൽകി എച്ച്.എം.സി.യുടെ രസീത് സൂക്ഷിക്കേണ്ടതുമാണ്. അങ്ങനെ ലഭിക്കുന്ന തുക എച്ച്.എം.സി.യുടെ അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ്. (29.10.2015ലെ ജി.ഒ.(ആർ.ടി. 3217/2015ലെ പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖയിലെ 2.6.5(VIII) ന് വിരുദ്ധമായി ക്വട്ടേഷൻ നടപടി കൂടാതെ വാടകയ്ക്കെടുത്തതിനാലും ഹാജരാക്കിയ ട്രിപ്പ് ഷീറ്റിലെ വൈരുദ്ധ്യം മൂലവും 10720/- രൂപയുടെ ഓഡിറ്റ് നിരാകരിക്കുന്നു.

## 3-8 ക്വട്ടേഷൻ ക്ഷണിക്കാതെ പാറശ്ശാല താലൂക്കാശുപത്രിയിലേയ്ക്ക് 6 Mortuary Cabinet വാങ്ങി-

| | |
|---|---|
| പ്രോജക്ട് നം. | എസ്.ഒ.032/2017 |
| പ്രോജക്ടിന്റെ പേര് | പാറശ്ശാല താലൂക്ക് ആശുപത്രി- മോർച്ചറിയിൽ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ |
| ഫണ്ട് | മെയിന്റനൻസ് ഫണ്ട് (റോഡിതരം) |
| അടങ്കൽ തുക | 1063521/- രൂപ |
| ചെലവ് തുക | 572985/- രൂപ |
| ബിൽ നം. | GIAB No.8/16-17 തീയതി 21.3.2017 |
| നിർവഹണം | സൂപ്രണ്ട് താലൂക്ക് ആശുപത്രി പാറശ്ശാല |

പാറശ്ശാല താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി മോർച്ചറിയിൽ 6 ബോഡി ശീതീകരിച്ച് സൂക്ഷിക്കാൻ പറ്റുന്ന തരത്തിലുള്ള ഫ്രീസർ, കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് മുഖേന ക്വട്ടേഷൻ/ടെണ്ടർ നടപടി കൂടാതെ വാങ്ങി പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. ഫ്രീസർ, Scientific Medical Equipments Kerala Ltd എന്ന സ്ഥാപനത്തിൽ നിന്നും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ്

വാങ്ങിയതിനു ശേഷം KMSCL നുള്ള കമ്മീഷൻ തുകയായ (7% ) സർവ്വീസ് ചാർജ്ജ് ഉൾപ്പെടെ 5,72,985/- രൂപയ്ക്ക് ആശുപത്രിയ്ക്ക് നൽകി. അംഗീകൃത സർക്കാർ ഏജൻസികൾ സ്വയം നിർമ്മിച്ച ഉപകരണങ്ങൾ മാത്രമാണ് ടെണ്ടർ/ക്വട്ടേഷൻ നടപടികൾ കൂടാതെ വാങ്ങാവുന്നത് എന്നിരിക്കെ ഇത്തരത്തിൽ ഉപകരണം വാങ്ങിയത് സർക്കാർ നിർദ്ദേശത്തിന്റെ ലംഘനമാണ്. ഭാവിയിൽ ഉപകരണങ്ങൾ വാങ്ങുമ്പോൾ Gem (Government-e-market)ലൂടെ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-9 പത്രപ്പരസ്യം -അർഹമായ ഡിസ്കൗണ്ട് നേടിയെടുക്കുന്നില്ല

ഇൻഫർമേഷൻ & പബ്ളിക് റിലേഷൻ വകുപ്പിന്റെ 22.1.13-ലെ ജി.ഒ(പി)1/13/I &PRD നമ്പർ ഉത്തരവ്, 10.9.2014-ലെ ജി.ഒ(ആർ.ടി)288/14/I&PRDനം ഉത്തരവ് എന്നിവ പ്രകാരം വകുപ്പ് മുഖേനയോ നേരിട്ടോ മലയാള ദിനപ്പത്രങ്ങളിൽ അച്ചടിയ്ക്കായി നൽകുന്ന പരസ്യങ്ങൾക്ക് 15% ഡിസ്കൗണ്ട് അനുവദിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ ഏജൻസി മുഖേന പത്രപ്പരസ്യങ്ങൾ നൽകിയതിനാൽ ഈ ആനുകൂല്യം പ്രയോജനപ്പെടുത്തിയില്ല. പത്രപ്പരസ്യം നൽകിയതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| പരസ്യം നൽകിയ പത്രം | പരസ്യത്തിന്റെ വലിപ്പം ($cm^2$), നിരക്ക്/$cm^2$, തീയതി | നൽകിയ തുക | ചെക്ക് /ബിൽ നം തീയതി |
|---|---|---|---|
| മാതൃഭൂമി | 48 , 350, 17.02.17 | 16800 | 8500705/ 17.02.17 |
| മാതൃഭൂമി | 40, 75, 01.03.16 | 3000 | 3070820/ 10.06.16 |
| ദേശാഭിമാനി | 8, 110, 02.03.16 | 3520 | 3070820/ 10.06.16 |
| ദേശാഭിമാനി | 8, 110, 24.12.16 | 3520 | -- |
| ദേശാഭിമാനി | 8, 110, 25.08.16 | 3520 | 8129706/ 30.11.16 |

ഡിസ്കൗണ്ട് ആനുകൂല്യം പ്രയോജനപ്പെടുത്തിയിരുന്നുവെങ്കിൽ 4554/- രൂപ (30360x15%) പരസ്യച്ചെലവിനത്തിൽ കുറവുണ്ടാകുമായിരുന്നു എന്നത് തുടർ നടപടികൾക്കായി അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. തനത് ഫണ്ടിൽ നിന്നും ഇപ്രകാരം അധികച്ചെലവുണ്ടാകുന്നത് ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം. എസ് ഭവന പദ്ധതി | - | 20518315 | 8623315 | 2379000 | - | 6244315 |
| IAY ഭവന പദ്ധതി | സ.ഉ(കൈ) നം.115/2013/ ത.സ്വ.ഭ.വ തീയതി. 22.03.2013 | 5950000 | 8853943 (പലിശയുൾപ്പെടെ) | - | - | 8853943 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ

## വിശദാംശം.

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

*(എ) സംക്ഷിപ്ത വിവരം*

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പുൾപ്പെടെ) | : | 105969656/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 83268209/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 10720/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 13,08,000/- |

*(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം*

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-7 | | 10720 | ഡോ.ഉണ്ണികൃഷ്ണൻ, മെഡിക്കൽ സൂപ്രണ്ട് |

*ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക*

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 8000/- | ശ്രീ.അപ്പുക്കുട്ടൻ, ബ്ലോക്ക്പഞ്ചായത്ത് സെക്രട്ടറി |
| 3-2 | 3,00,000/- | ശ്രീമതി രമ്യ.ജെ.എം., അസിസ്റ്റന്റ് എക്സി. എൻജിനീയർ |
| 3-3 | 10,00,000/- | ശ്രീ.അപ്പുക്കുട്ടൻ, ബ്ലോക്ക്പഞ്ചായത്ത് സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേര്, ഉദ്യോഗപ്പേര് | സ്ഥിരം മേൽവിലാസം |
|---|---|
| ഡോ.ഉണ്ണികൃഷ്ണൻ, മെഡിക്കൽ സൂപ്രണ്ട് | ഡബ്ല്യൂ.ജെ.നിവാസ്, ലൂയിസ് കോംബൗണ്ട്, മണക്കാട് |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷി ക്കുന്ന ഖണ്ഡിക കളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1997-98 | എൽ.എഫ്.റ്റി.ഡി.7(എ)/378/തീയതി 24.07.12 | 10 | - |
| 1998-99 | എൽ.എഫ്.റ്റി.ഡി.ബി&ഡി/611/07 തീയതി.19.08.14 | 10 | - |
| 1999-00 | എൽ.എഫ്.റ്റി.ഡി.ബി&ഡി/592/02 തീയതി.24.07.12 | 19 | - |
| 2000-01 | എൽ.എഫ്.റ്റി.ഡി.ബി&ഡി/1542/08 തീയതി.04.10.14 | 18 | - |
| 2001-02 | എൽ.എഫ്.റ്റി.ഡി.ബി&ഡി/132/09 തീയതി.14.05.13 | 5 | - |
| 2002-03 | എൽ.എഫ്.റ്റി.ഡി.ബി&ഡി/133/09 തീയതി.04.05.13 | 7 | - |
| 2003-04 | എൽ.എഫ്.റ്റി.ഡി.ബി&ഡി/698/09 തീയതി.07.05.13 | 1 | - |
| 2004-05 | എൽ.എഫ്.റ്റി.ഡി.ബി&ഡി/1037/08 തീയതി.18.09.14 | 7 | - |
| 2005-06 | എൽ.എഫ്.റ്റി.ഡി.ബി&ഡി/566/09 തീയതി.07.05.13 | 5 | - |
| 2006-07 | എൽ.എഫ്.റ്റി.ഡി.ബി&ഡി/567/09 തീയതി.19.09.14 | 3 | - |
| 2007-08 | എൽ.എഫ്.റ്റി.ഡി.ബി&ഡി/863/10 തീയതി.07.05.13 | 2 | - |

| | | | |
|---|---|---|---|
| 2008-09 | എൽ.എഫ്.റ്റി.ഡി.ബി&ഡി/684/10 തീയതി.07.05.13 | 8 | - |
| 2009-10 | എൽ.എഫ്.റ്റി.ഡി.ബി&ഡി/644/13 തീയതി.04.04.13 | 10 | - |
| 2010-11 | എൽ.എഫ്.റ്റി.ഡി.ബി&ഡി/645/13 തീയതി.04.04.13 | 8 | - |
| 2011-12 | എൽ.എഫ്.റ്റി.ഡി.ബി&ഡി/2251/14 തീയതി.15.11.14 | 6 | - |
| 2012-13 | എൽ.എഫ്.റ്റി.ഡി.ബി&ഡി/1743/14 തീയതി.09.12.14 | 5 | - |
| 2013-14 | എൽ.എഫ്.റ്റി.ഡി.ബി&ഡി/2038/15 | | |
| 2014-15 | കെ.എസ്.എ.റ്റി.വി.എം.1688/16 തീയതി.19.12.2016 | 11 | |
| 2015-16 | | | |

ഒപ്പ്

ജോയിന്റ് ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങളും ചുവടെ ചേർത്തിരിക്കുന്ന പരാമർശങ്ങളും ഒഴികെ എന്റെ അഭിപ്രായത്തിൽ പാറശ്ശാല ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

## ന്യൂനതകൾ

1. B-5 Schedule പ്രാകാരമുള്ള ഇ.എം.എസ് ലോൺ തിരിച്ചടക്കാൻ ബാക്കിയുള്ള തുക 38,65,315/- രൂപയാണ്. എന്നാൽ അനുബന്ധരേഖകൾ പരിശോധിച്ചതിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക 62,44,315/- രൂപയാണ്.

2. ലോൺ രജിസ്റ്റർ പരിശോധിച്ചതിൽ 2013-ൽ IAY പദ്ധതിക്കായി വിവിധ ബാങ്കുകളിൽ നിന്നും 59,50,000/- രൂപ ലോൺ എടുത്തിട്ടുണ്ടെങ്കിലും നാളിതുവരെ മുതലും പലിശയും തിരിച്ചടച്ചതായി കാണുന്നില്ല.
3. B18 ഷെഡ്യൂൾ പ്രകാരം 25,000/- രൂപ അഡ്വാൻസ് നൽകിയിട്ടുണ്ട്. ആയതിന്റെ വിശദാംശം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് 2015-16-ൽ നൽകിയ തുകയാണെന്ന മറുപടിയാണ് നൽകിയിട്ടുണ്ട്. മറ്റ് രേഖകൾ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.
4. RP-31 പ്രകാരം SGSY വരവ് 4397/- രൂപയാണ്. എന്നാൽ അനുബന്ധരേഖകൾ പരിശോധിച്ചതിൽ വരവ് 3516/- രൂപയാണ്.
5. RP-31 പ്രകാരം ഐ.എ.വൈ ബ്ലോക്ക് പഞ്ചായത്ത് വരവായി കാണിച്ചിരിക്കുന്ന തുക (14816498/-) യഥാർത്ഥത്തിൽ Developement Fund-General-Capital വരവിനത്തിൽ ഉൾപ്പെട്ടതാണ്.
6. IOB-SGSY യഥാർത്ഥ നീക്കിയിരുപ്പ് തുക(90324.25/-) B17- പ്രകാരമുള്ള നീക്കിയിരുപ്പ് തുകയുമായി (91205/-) പൊരുത്തപ്പെടുന്നില്ല

ഒപ്പ്

ജോയിന്റ് ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്